## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1675 | 01.11.2019-ൽ മറുപടിയ്ക്ക് |
|---|---|
| **പ്ലാസ്റ്റിക് നിരോധനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.സണ്ണി ജോസഫ്** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതിയ്ക്ക് ഹാനികരവും പുനരുപയോഗിക്കുവാൻ കഴിയാത്തതുമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒക്ടോബർ 2 മുതൽ രാജ്യത്ത് പൂർണ്ണമായും നിരോധിച്ച് കേന്ദ്രം ഉത്തരവ് ഇറക്കിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | പ്ലാസ്റ്റിക് നിരോധനം സംസ്ഥാനത്ത് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ അത് ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) & (സി) | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം 24.09.2016-ലെ 576/DC1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ നൽകാവൂ എന്ന് പ്രസ്തുത സർക്കുലറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.<br>ഉപയോഗിച്ച കുടിവെള്ള കുപ്പികൾ പാതയോരങ്ങളിലും ജലാശയങ്ങളിലും മറ്റും വലിച്ചറിയുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, 500 ബെഡിൽ കൂടുതലുള്ള ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ (PET Bottle) നിരോധിച്ചുകൊണ്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും One Time Use പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടും തീർത്ഥാടന കാലയളവിൽ നിലക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ One Time Use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടിച്ചെടുക്കുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത നിരോധനം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ സംവിധാനങ്ങൾ കൈക്കൊള്ളുമോ? | | |

സെക്ഷൻ ഓഫീസർ